പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ ഇന്ന് ഉച്ചയ്ക്ക് (30.10.2017)12.45 ന് തിരുവനന്തപുരം പബ്ലിക് ലൈബ്രറി സന്ദർശിക്കും. 33.66 കോടി രൂപയ്ക്ക് പൈതൃക മാതൃകയിൽ പണിയുന്ന കെട്ടിടത്തിന്റെ അവസാനവട്ട പ്രവൃത്തികൾ വിലയിരുത്തുന്നതിനാണ് മന്ത്രി പബ്ലിക് ലൈബ്രറി സന്ദർശിക്കുന്നത്.

പൈതൃത മാതൃകയിലൂന്നി സാങ്കേതി മികവോടെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ താഴത്തെ നിലയിൽ റഫറൻസ് സെക്ഷൻ, ടെക്നിക്കൽ സെക്ഷൻ, ലൈബ്രറേറിയൻ റൂം, ഒന്നാം നിലയിൽ ഇംഗ്ലീഷ് കളക്ഷൻ, ഡിജിറ്റൽ ലൈബ്രറിയും രണ്ടാം നിലയിൽ കോൺഫറൻസ് ഹാളും എക്സിബിഷൻ ഹാളും ക്രമീകരിച്ചിരിക്കുന്നു. കൂടാതെ എല്ലാ നിലയിലും ശൗചാലയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയിൽ ആദ്യത്തെ പബ്ലിക് ലൈബ്രറിയായ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി 1829 ൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്താണ് സ്ഥാപിതമായത്. നിലവിലുള്ള പബ്ലിക് ലൈബ്രറി മന്ദിരത്തിനു സമാനമായി പൈതൃക സ്വഭാവം നിലനിർത്തി ഗോഥിക് സ്റ്റൈലിൽ പണികഴിപ്പിച്ചിട്ടുള്ള ഈ പുതിയ മന്ദിരം കേരള പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ വൈദഗ്ധ്യത്തിന്റെ തെളിവാണ്.